## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 637** **08.08.2017 ൽ മറുപടിയ്ക്ക്**

## റിന്യൂവബിൾ എനർജി നയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ.എം.കെ.മുനീർ | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് പുതിയ റിന്യൂവബിൾ എനർജി നയം നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | നിലവിലുള്ള 2002-ലെ റിന്യൂവബിൾ എനർജി നയവും 2013-ലെ സൗരോർജ്ജ നയവും പുതുക്കുന്ന വിഷയം പരിഗണനയിലില്ല. |
| (ബി) | റിന്യൂവബിൾ എനർജിയുടെ പർച്ചേയ്സ് റേറ്റ് നിർണ്ണയിച്ച് കേരളത്തിലെ ചെറുകിട ഉത്പാദകരിൽ നിന്നും വൈദ്യുതി വാങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | ഇലക്ട്രിസിറ്റി ആക്ട് 2003-ഉം പുതുക്കിയ നാഷണൽ താരിഫ് പോളിസി 2016 പ്രകാരവും വൈദ്യുതി വിതരണ കമ്പനികൾ മത്സരാധിഷ്ഠിത ദർഘാസിലൂടെ മാത്രമേ വൈദ്യുതി വാങ്ങുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് അക്ഷയ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി വാങ്ങലിനും ബാധകമാക്കിയിട്ടുണ്ട്. മേൽ മാർഗ നിർദ്ദേശം നടപ്പിലാക്കുവാനായി 27.04.2013-ൽ K.S.E..B ഉത്തരവ് ഇറക്കിയിട്ടുമുണ്ട്. ഇതിൻ പ്രകാരം അക്ഷയ ഊർജ്ജ ഉത്പാദകർക്ക് മത്സരാധിഷ്ഠിത ദർഘാസിലൂടെ വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകാവുന്നതാണ്.<br><br>ഒരു കിലോവാട്ട് മുതൽ ഒരു മെഗാവാട്ട് വരെ ശേഷിയുള്ള ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുള്ള സൗരോർജ്ജ നിലയങ്ങൾക്ക് നെറ്റ് മീറ്ററിംഗ് സംബന്ധിച്ച റെഗുലേഷൻ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം വാർഷിക സെറ്റിൽമെന്റ് കാലയളവിൽ |

| | | | |
|---|---|---|---|
| | | | ഗ്രിഡിൽ നിന്ന് ആ ഉപഭോക്താവ് ഉപയോഗിച്ചതിൽ അധികം ഊർജ്ജം സൗരോർജ്ജ നിലയങ്ങൾ ഗ്രിഡിലേക്ക് നൽകിയിട്ടുണ്ടെങ്കിൽ ഈ അധിക ഊർജ്ജത്തിന് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ആവറേജ് പൂൾഡ് പർച്ചേസ് കോസ്റ്റ് പ്രകാരമുള്ള തുക വൈദ്യുത വിതരണ ഏജൻസി നൽകണം.<br>ഇതു കൂടാതെ ഓഫ്ഗ്രിഡ് സൗരോർജ്ജ നിലയങ്ങൾ ഉത്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ നിരക്കിൽ ജനറേഷൻ ബേസ്ഡ് ഇൻസെന്റീവ് നൽകാനുള്ള റെഗുലേഷനും കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | അനെർട്ടിൽ എംപാനൽ ചെയ്യാത്ത കമ്പനികളുടെ പാനൽ സ്ഥാപിച്ചാലും ഗുണമേന്മയുള്ളതാണെങ്കിൽ അവയ്ക്കും സബ്സിഡി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അനെർട്ടിന്റെ പരിഗണനയിലില്ല. |

P [signature]

സെക്ഷൻ ആഫീസർ